പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2655**

18.08.2017-ൽ മറുപടിക്ക്

## മനയ്ക്കച്ചിറ കലുങ്കിന്റെ പുനർ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.എഫ്.തോമസ് | | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.റ്റി.പി. യുടെ ചുമതലയിലുള്ള ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ പെരുന്നയ്ക്ക് സമീപമുള്ള മനയ്ക്കച്ചിറ കലുങ്കിന്റെ പുനർ നിർമ്മാണം നടക്കാത്തതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.റ്റി.പി- യുടെ കീഴിൽ വരുന്ന ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ മനയ്ക്കച്ചിറ ഭാഗത്ത് നിലവിലെ കലുങ്ക് പുതുക്കി നിർമ്മിക്കാത്തതിനാൽ ഈ ഭാഗത്ത് മഴക്കാലത്ത് വെള്ളം ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിന്റെ പുനർ നിർമ്മാണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | മനയ്ക്കച്ചിറ കലുങ്ക് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി, രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും വർക്ക് നടത്തുന്നതിനായി കരാറുകാരനെ കണ്ടെത്തുവാൻ സാധിച്ചില്ല. എന്നാൽ ഇതിനിടയിൽ അപ്രോച്ച് റോഡുകളിൽ ക്രമാതീതമായ താഴ്ച ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ ആദ്യം സമർപ്പിച്ച എസ്റ്റിമേറ്റ് പുതുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ പുതുക്കിയ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (റോഡ്സ്) പരിശോധിച്ച് വരുന്നു. |
| (സി) | ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, നിർമ്മാണം ആരംഭിക്കാൻ എത്രയുംവേഗം നടപടികൾ സ്വീകരിക്കുമോ? | (സി) | ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ